ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനും നീർമറി വികസനത്തിനുവേണ്ടിയുള്ള തുക നേരിട്ട് കൃഷിക്കാർക്ക് കൊടുക്കുന്നതര ത്തിൽ പദ്ധതി രൂപീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ. 8-ാം പദ്ധതിക്കാലത്ത് വാട്ടർഷെഡ്ഡിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് 9-ാം പദ്ധ തിക്കാലത്ത് കേരളത്തിൽ പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിന് ഗവൺമെന്റ് ചർച്ചചെയ്ത് തീരുമാനിച്ചിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഇതിനകത്ത് കരാറുകാരൻ പാടില്ല. കരാറുകാരനെ പൂർണ്ണമായിട്ടും 9-ാം പദ്ധ തിക്കാലത്തെ ഈ പ്രവർത്തനങ്ങളിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ഈ വാട്ടർഷെഡ് പ്രദേശത്തുള്ള, അതിന്റെ ഗുണഭോ ക്താക്കളുമായിട്ടുള്ള, കർഷകരുടെ ഒരു സമിതിയാണ് ഈ പ്രവർത്തന ങ്ങൾക്കു നേതൃത്വം കൊടുക്കുന്നത്. അവർ തന്നെയായിരിക്കണം ഇതിന്റെ നിർമ്മാണപ്രവർത്തനം നടത്തേണ്ടതെന്ന് ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുണ്ട്. അതു പരിശോധിക്കുന്നുണ്ട്. ഇടത്തട്ടുകാരെ പരമാവധി ഒഴിവാക്കിക്കൊണ്ട് ചെലവഴിക്കുന്ന പണം ആ പ്രദേശത്തിന്റെ മാറ്റത്തിനുവേണ്ടി, ഭൂമിയുടെ ഘടന സംരക്ഷിക്കുന്നതിനുവേണ്ടി, കൃഷി സംരക്ഷിക്കാൻ വേണ്ടി, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി ചെലവഴിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ചോർച്ചകൾ പൂർണ്ണമായിട്ടും അടച്ചുകൊണ്ട് ഈ പ്രവർത്തനം നടത്താനാണ് 9-ാം പദ്ധതിക്കാലത്ത് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടു ള്ളത്.

6 (*260) ഗ്രൂപ്പ് ഫാമിംഗ്

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാ ക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കൃഷിയിനങ്ങളിൽ എത്ര ഏക്കർ സ്ഥല ത്തുവീതം ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാ ക്കുമോ;

(സി) നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കുന്ന തിന് ശ്രദ്ധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ)&(ബി)ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം ഇപ്പോഴും നട ന്നുവരുന്നു, വിജയകരമായി പ്രവർത്തിച്ചുവന്ന ഈ സമ്പ്രദായം കഴിഞ്ഞ സർക്കാരിന്റെകാലത്ത് മന്ദീഭവിച്ചു. അത് പഴയതുപോലെ പുനരാരംഭിക്കുന്ന തിന് ശ്രമിച്ചുവരുന്നു.

(സി) പ്രധാനപ്പെട്ട നെൽക്കൃഷിമേഖലകളിൽ ഗ്രൂപ്പിന്റെ അടിസ്ഥാന ത്തിൽ കൃഷി ചെയ്യുന്നതാണ്. കർഷകർക്ക് ഗുണകരമെന്നതിനാൽ അത്

LIBRARY ARCHIVES Kerala Legislative Assembly

പ്രോൽസാഹിപ്പിക്കുന്നതിനാണ് കൃഷിവകുപ്പ് ഈ സമീപനം സ്വീകരിച്ചുവരുന്നത്. അതിനുള്ള പ്രദേശങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ഗ്രൂപ്പ് സമിതികൾക്ക് കർഷകർക്കുള്ള ആനുകൂല്യങ്ങൾ ആ സമിതികൾവഴി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം കഴിഞ്ഞ ഗവൺമെന്റിനുമുൻപുണ്ടായിരുന്ന അവസരത്തിൽ അതുപോലെ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ശ്രമിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായിട്ട് ഏതെല്ലാം വിളകൾ എത്രത്തോളം പ്രദേശത്താണ് ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്താൻ ഇതിനകം സാധിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, 1987-90 കാലഘട്ടത്തിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെകാലത്താണ് ഗ്രൂപ്പ് ഫാമിംഗ് സംവിധാനം കേരളത്തിൽ സാർവത്രികമായി ആരംഭിച്ചത്. എന്നാൽ ആരംഭിക്കുന്നതിനുമുൻപുതന്നെ തൃശ്ശൂർ കോൾ നിലങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. അതിന്റെയൊക്കെ വളരെ വിജയകരമായിട്ടുള്ള ഒരു പ്രവർത്തനമാണ് നമ്മുടെ സംസ്ഥാനത്ത് ആ കാലഘട്ടത്തിൽ കൊണ്ടുവന്നത്. കർഷകരിൽ താൽപ്പര്യം ഉയർത്തുന്നതിനും നമ്മുടെ നെല്ലിന്റെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ് കൊണ്ടുകഴിഞ്ഞു. പക്ഷെ പിന്നീട് ആ ഗ്രൂപ്പ് ഫാമിംഗ് വേണ്ടത്ര രീതിയിൽ മുന്നോട്ടു പോകുന്നില്ല. തൃശ്ശൂർ കോൾ നിലങ്ങളിൽ ഇപ്പോഴും ഗ്രൂപ്പ് ഫാമിംഗ് സംവിധാനം നിലനിൽക്കുന്നുണ്ട്. വിജയകരമായിട്ട് നമ്മുടെ സംസ്ഥാനത്ത് പടിപടിയായിട്ട് ഗ്രൂപ്പ് ഫാമിംഗ് സംവിധാനം കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളുടേയും ജനകീയാസൂത്രണത്തിന്റേയും ഭാഗമായിട്ട് ഈ സാമ്പത്തികവർഷം ആരംഭിക്കാൻ പോകുന്ന ഗ്രൂപ്പ് ഫാമിംഗ് സിസ്റ്റംകൂടി ബന്ധപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടു പോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, പ്രധാനപ്പെട്ട നെൽക്കൃഷിമേഖലകളിലാണ് കർഷകർക്ക് ഇതിനുവേണ്ടിയുള്ള പ്രോത്സാഹനം നൽകുന്നതെന്ന് (സി) ചോദ്യത്തിന് മറുപടിയായി അറിയിക്കുകയുണ്ടായി. എന്നാൽ ഈ പ്രധാനപ്പെട്ട നെൽക്കൃഷി മേഖല എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നമ്മുടെ വികസന ഏജൻസികൾ ഉള്ള പ്രദേശങ്ങളാണോ? അങ്ങനെയാണെന്നുണ്ടെങ്കിൽ, ഈ വികസന ഏജൻസികൾ നിലവിലില്ലാത്ത പല സ്ഥലങ്ങളിലും നല്ല രീതിയിൽ നെൽക്കൃഷി നടക്കുന്നുണ്ട്. അപ്പോൾ ആ പ്രദേശങ്ങളിൽ ഈ ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ? അങ്ങനെ തയ്യാറാവില്ല എന്നുണ്ടെങ്കിൽ അവിടത്തെ കൃഷിക്കാർക്ക് അത് ദോഷമായി ബാധിക്കില്ലേ? ഈ പ്രശ്നങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് മുഴുവൻ പ്രദേശങ്ങളിലേയും നെൽക്കൃഷിക്കാർക്ക് ബാധകമാകുന്നതരത്തിൽ, അവരെ സഹായിക്കുന്ന തരത്തിൽ ഗ്രൂപ്പ് ഫാമിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി വ്യാപകമാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, 10 നെൽക്കൃഷി വികസന ഏജൻസികൾ സംസ്ഥാനത്ത് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ 10 നെൽക്കൃഷി വികസന പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട നെൽക്കൃഷിമേഖല. നെൽക്കൃഷി വികസന ഏജൻസിയുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളിലും നെൽക്കൃഷി സംരക്ഷണത്തിനുവേണ്ടി യിട്ട് ഗവൺമെന്റിന് ഉദ്ദേശമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശി ച്ചതുപോലെ-അതായത് കൊല്ലം ജില്ലയുടെ കുറച്ചുഭാഗങ്ങൾ മാത്രമേ ഓണാ ട്ടുകര നെൽക്കൃഷി വികസന ഏജൻസിയുടെ ഭാഗം വരുന്നുള്ളൂ. കൊല്ലം ജില്ലയുടെ മറ്റു ഭാഗങ്ങൾ ഒരു ഏജൻസിയുടേയും പരിധിയിൽ വരുന്നില്ല, അതുകൊണ്ട്-ആ പ്രദേശത്തെ നെൽക്കൃഷി സംരക്ഷിക്കുന്നതിനുവേണ്ടിയും അവിടെ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിനുള്ള സഹായസ ഹകരണങ്ങൾ ഗവൺമെന്റ് നൽകുന്നതാണ്.

7 (*261) റെയിൽവേ പാതകളുടെ വൈദ്യുതീകരണം

ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റെയിൽവേ പാതകളുടെ വൈദ്യുതീക രണ പദ്ധതിക്ക് കേന്ദ്രസർക്കാരും വൈദ്യുതിമന്ത്രാലയവും അനുമതി നൽകാതെ നീട്ടിക്കൊണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നീട്ടിക്കൊണ്ടുപോകുന്നതിനുള്ള കാരണം എന്തെന്നു സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ റെയിൽവേ പാതകളുടെ വൈദ്യുതീകരണ ത്തിന് റെയിൽവേ ബോർഡ് മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിബന്ധനകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചി ട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ എറണാകുളം-തിരുവനന്തപുരം, ഷൊർണ്ണൂർ-മംഗലാപുരം റെയിൽവേ പാതകൾ വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീക രിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ,

(എ)&(ബി) അങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരുവനന്തപുരം എറണാകുളം റെയിൽവേ പാതയുടെ വൈദ്യുതീകരണത്തിന് ഈ കൊല്ലത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(സി)&(ഡി) ഈ വിവരം റെയിൽവേ വൈദ്യുതീകരണത്തിന്റെ ചീഫ് പ്രോജക്ട് മാനേജരിൽനിന്നും ലഭിച്ചിട്ടില്ല. ഇതിന് സതേൺ റെയിൽവേ ജനറൽ മാനേജരുമായി ബന്ധപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ പാത കളുടെ വൈദ്യുതീകരണത്തിന് നടപടി സ്വീകരിക്കാൻ നിരവധി തവണ കേന്ദ്ര സർക്കാരിനോടും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനോടും കത്തുകൾ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും ഈ കാര്യത്തിൽ സമ്മർദ്ദം ചെലുത്തു ന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly